# കേരള കാർഷിക സർവകലാശാല വാർത്തകൾ

(ഏപ്രിൽ 29 മുതൽ – മെയ് 05, 2022)

(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി – 680651
E-mail: ccmannuthy@kau.in, Phone: 0487-2370773)

**No. C3/4/2022– 18** **Dt. 28.04.2022**

**ഈയാഴ്ചത്തെ വിള പരിപാലന നിർദ്ദേശങ്ങൾ**

വേനൽ മഴ നന്നായി കിട്ടിയ സ്ഥലങ്ങളിൽ തെങ്ങിൻ തൈ നടാം. ഒരു മീറ്റർ നീളവും വീതിയും ആഴവുമുള്ള കുഴികൾ വേണം എടുക്കാൻ. മൂന്നിലൊന്ന് ആഴത്തിൽ വളക്കൂറുള്ള മണ്ണ് കൊണ്ട് കൂന കൂട്ടിയതിനുശേഷം കൂനയുടെ നടുവിൽ കുഴിയെടുത്ത് തൈകൾ നടാം. നടുമ്പോൾ തൊണ്ടു മാത്രം മണ്ണിനടിയിൽ ആയാൽ മതി. കുഴിക്കു ചുറ്റും മണ്ണ് വെട്ടിക്കൂട്ടി വരമ്പ് ഉറപ്പിക്കുകയാണെങ്കിൽ ഒഴുക്കു വെള്ളം കുഴിയിൽ ഇറങ്ങാതിരിക്കും. കുഴിയിൽ വരുന്ന പെയ്ത്തു വെള്ളം താനെ വലിഞ്ഞു കൊള്ളും. ഒഴുക്കു വെള്ളം കുഴിയിൽ ഇറങ്ങാൻ ഇടയായാൽ കുഴി ഭാഗികമായി മൂടിപ്പോകുകയും വെള്ളം കെട്ടി നിന്ന് ചെറുതൈകൾ നശിച്ചു പോകുകയും ചെയ്യും. മഴക്കാലത്തിനു മുമ്പ് ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം, അതായത് 100 ഗ്രാം തുരിശും 100 ഗ്രാം നീറ്റുകക്കയും 10 ലിറ്റർ വെള്ളത്തിൽ തയ്യാറാക്കിയത് തളിക്കുന്നത് വഴി കൂമ്പുചീയൽ, ഓല ചീയൽ, മഹാളി എന്നീ രോഗങ്ങളെ പ്രതിരോധിക്കാൻ കഴിയും.

അന്തരീക്ഷ ഊഷ്മാവ് കൂടിയതിനാൽ തെങ്ങിൽ വെള്ളീച്ചയെ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കാനായി 2% വീര്യമുള്ള വേപ്പെണ്ണ എമൽഷൻ തയ്യാറാക്കിയതിലേക്ക് 20 ഗ്രാം ലെക്കാനിസീലിയം എന്ന മിത്രകുമിൾ ചേർത്ത് നന്നായി കലക്കി ഇലകളുടെ അടിവശത്ത് പതിയത്തക്കവിധം തളിച്ച് കൊടുക്കുക. തെങ്ങിന്റെ കൂമ്പുചീയൽ, ഓലചീയൽ തുടങ്ങിയ രോഗങ്ങൾ വരാതിരിക്കുവാനുള്ള പ്രതിരോധ നടപടികൾ ഈ മാസം തന്നെ ആരംഭിക്കണം. മണ്ട വൃത്തിയാക്കിയതിനു ശേഷം 1% വീര്യമുള്ള ബോർഡോ മിശ്രിതം ഓലകളിലും കൂമ്പോലകളിലും മണ്ടയിലും നന്നായി തളിക്കണം. വിത്തു തേങ്ങ ഈ മാസം പാകാം. തവാരണക്ക് ഒന്നര മീറ്റർ വീതിയും സൗകര്യം പോലെ നീളവുമാകാം. തടത്തിൽ 30 സെന്റിമീറ്റർ ഇടയകലത്തിൽ ചാലു കീറി വിത്തു തേങ്ങ പാകി ഇടയ്ക്കുള്ള സ്ഥലം മണ്ണിട്ടു മൂടുക. മേൽ ഭാഗം ആകെ മണലിട്ടു മൂടണം. തേങ്ങയുടെ മുകൾ ഭാഗം മാത്രം മണലിന് വെളിയിൽ കണ്ടാൽ മതി. തവാരണയിൽ നിന്നും മണ്ണൊലിപ്പു തടയാനും തണൽ നൽകാനും ഉണങ്ങിയ തെങ്ങോല കൊണ്ട് പുതയിടുക. മഴ കുറവാണെങ്കിൽ ഒന്നു രണ്ടു തവണ നനയ്ക്കണം. വിത്തു തേങ്ങ ചരിച്ചോ കുത്തനെയോ പാകാം.

കാറ്റിന്റെ വേഗത കൂടുന്നതിനാൽ വാഴകൾക്ക് താങ്ങുകാലുകൾ കൊടുക്കേണ്ടതാണ്. വാഴയിൽ ഇലപ്പുള്ളി രോഗം കാണാൻ സാധ്യതയുണ്ട്. ഈ രോഗം നിയന്ത്രിക്കുന്നതിനായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുതിർക്കെ തളിക്കുക. കുറുനാമ്പ് ബാധിച്ച വാഴകൾ എത്രയും വേഗം മൂടോടെ പിഴുതെടുത്ത് കുഴിച്ച് മൂടുകയോ കത്തിച്ച് കളയുകയോ ചെയ്യണം. ഇതിനു മുമ്പായി പുകയിലക്കഷായമോ, സോപ്പു വെള്ളമോ വാഴയുടെ മുകൾഭാഗത്തും പോളകൾക്കിടയിലും ഒഴിച്ച് വാഴപ്പേനുകളെ നശിപ്പിക്കണം. വാഴപ്പേനുകളാണ് ഈ വൈറസ് രോഗത്തെ പരത്തുന്നത്. മറ്റു വാഴകളിൽ പകരാതിരിക്കാനായി ഇവയുടെ നിയന്ത്രണം അനിവാര്യമാണ്. മഴക്കാലാരംഭത്തോടെ വാഴകളിൽ കാണുന്ന ഇലപ്പുള്ളി രോഗം വരാതിരിക്കാനായി 2% വീര്യമുള്ള സ്യുഡോമോണാസ് അല്ലെങ്കിൽ 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുന്നത് നന്നായിരിക്കും. പിണ്ടിപ്പുഴുവിന്റെ ആക്രമണം ഉണ്ടാകാതിരിക്കാനായി തോട്ടത്തിലെ മണ്ണ് കുഴച്ച് കുഴമ്പാക്കി വാഴയുടെ തടയിൽ പുരട്ടണം. മെറ്റാറൈസിയം കുമിൾപൊടി വാഴക്കവിളിൽ വിതറിക്കൊടുക്കുന്നത് അവയുടെ ജൈവനിയന്ത്രണത്തിന് നല്ലതാണ്. വാഴത്തോട്ടത്തിൽ വാഴത്തടകൾ രണ്ടായി മുറിച്ച് അതിൽ ബ്യൂവേറിയ എന്ന മിത്ര കുമിൾ വിതറി കെണി ഒരുക്കിയും കീടത്തെ നിയന്ത്രിക്കാം.

ഒട്ടുമാവിൻ തൈകളുടെ കൊമ്പുകളിൽ ചിലത് പെട്ടെന്ന് ഉണങ്ങി കരിഞ്ഞുപോകുന്നതായി പലയിടങ്ങളിലും കണ്ടു വരുന്നുണ്ട് . കൊമ്പുണക്കം എന്ന ഈ രോഗത്തിന്റെ രോഗഹേതു ഒരു കുമിളാണ്. ഉണക്ക് എവിടം വരെയായിട്ടുണ്ടോ അതിന് തൊട്ടു താഴെ വച്ച് മൂർച്ചയുള്ള കത്തികൊണ്ട് കൊമ്പു മുറിച്ചു മാറ്റണം. എന്നിട്ട് സ്യുഡോമോണാസ് ഫ്ളൂറസെൻസ് എന്ന മിത്ര ബാക്ടീരിയയുടെ പൊടി 20 ഗ്രാം 100 മില്ലി ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കുഴമ്പാക്കി മുറിപ്പാടിൽ പുരട്ടുകയും 20 ഗ്രാം 1 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുകയും ചെയ്യുക. അല്ലെങ്കിൽ ബോർഡോ കുഴമ്പ് (100 ഗ്രാം നീറ്റുകക്കയും 100 ഗ്രാം തുരിശും 1 ലിറ്റർ വെള്ളത്തിൽ കലക്കിയത്) പുരട്ടുകയും 1% വീര്യമുള്ള ബോർഡോമിശ്രിതം തളിച്ചു കൊടുക്കുകയും ചെയ്യണം.

പുഴുവില്ലാത്ത മാമ്പഴം കിട്ടാനായി ഒരു ബക്കറ്റ് തിളച്ച വെള്ളവും, മുക്കാൽ ബക്കറ്റ് സാധാരണ വെള്ളവും കൂട്ടി ചേർത്തതിൽ ലിറ്ററിന് 1 ഗ്രാം വീതം കറിയുപ്പ് ചേർത്തശേഷം മാമ്പഴം പെറുക്കിയിട്ട് 15 മിനിട്ടു നേരം വെക്കണം. അതിന് ശേഷം മാങ്ങ പുറത്തെടുത്ത് വെള്ളത്തിൽ കഴുകി തുടച്ചതിനുശേഷം പാക്ക് ചെയ്യുകയോ, പഴുപ്പിക്കാൻ വെയ്ക്കുകയോ ചെയ്താൽ മതിയാവും.

അന്തരീക്ഷ ഊഷ്മാവ് കൂടിയതിനാൽ വെണ്ടയിൽ പച്ചത്തുള്ളനെ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ആഴ്ച്ചയിലൊരിക്കൽ 2% വീര്യമുള്ള

വേപ്പെണ്ണവെളുത്തുള്ളി മിശ്രിതം തളിക്കുക. അല്ലെങ്കിൽ 20 ഗ്രാം *ലെക്കാനിസീലിയം ലെക്കാനി* ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.

**അറിയിപ്പ്**

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കാർഷിക പ്രസിദ്ധീകരണങ്ങളും, കല്പധേനു എന്ന കാർഷിക സർവ്വകലാശാലയുടെ ത്രൈമാസിക പ്രസിദ്ധീകരണവും വില്പനയ്ക്കുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 0487-2370773

2. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. പച്ചക്കറികൾ കൊണ്ടുള്ള കൊണ്ടാട്ടങ്ങൾ (പാവൽ, വെണ്ട, പയർ), പൊടികൾ വിവിധ തരം അച്ചാറുകൾ, ജാം, പഴം ഹൽവ, ചില്ലി സോസ്, തക്കാളി സോസ് തുടങ്ങിയ വിവിധങ്ങളായ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഇവിടെ തയ്യാറാക്കാൻ സാധിക്കും. കൂടാതെ വാട്ടുകപ്പ പോലെ പഴം പച്ചക്കറികൾ ഉണക്കി സൂക്ഷിക്കേണ്ട പ്രാഥമിക സംസ്കരണവും ചെയ്തു കൊടുക്കുന്നതാണ്.

**നിബന്ധനകൾ**

1. കുറഞ്ഞത് 10 കിലോഗ്രാം പഴം പച്ചക്കറി ഉണ്ടാവണം.
2. കർഷകർക്ക് താൽപ്പര്യമുള്ള ഉൽപ്പന്നമോ അസംസ്കൃത വസ്തുവിന്റെ ഗുണനിലവാരം അനുസരിച്ച് വിപണന സാധ്യതയുള്ള ഏതെങ്കിലും ഉൽപ്പന്നമോ തയ്യാറാക്കി നൽകുന്നു.
3. മൂല്യവർദ്ധിത ഉൽപ്പന്നം തയ്യാറാക്കുവാൻ വേണ്ടി വസ്തുക്കളുടെ വിലയും കൂലിച്ചിലവും കർഷകർ അടയ്ക്കണം.
4. മൂല്യവർദ്ധിത ഉൽപ്പന്നം പാക്ക് ചെയ്യുവാനുള്ള വസ്തുക്കൾ കർഷകർ കൊണ്ടു വന്നാൽ അതിൽ പാക്ക് ചെയ്തും നൽകും.
5. കേരള കാർഷിക സർവകലാശാലയുടെ പേരിൽ ഇത് വിപണനം ചെയ്യുവാൻ സാധ്യമല്ല. ഉൽപ്പന്നം കർഷകർ തന്നെ അവരുടെ സ്ഥാപനപേരിൽ വിപണനം ചെയ്യേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് **0487-2370773, 8089173650** എന്നീ ഫോൺ നമ്പറുകളിലോ ccmannuthy@kau.in എന്ന മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ്

ഒപ്പ്/-

**പ്രൊഫസർ & ഹെഡ്**